# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 199** 17/02/2016-ൽ മറുപടിക്ക്

## നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഉമ്മർ<br>,, കെ.എൻ.എ.ഖാദർ<br>,,പി.ബി. അബ്ദുൾ റസാക്ക്<br>,, എൻ. ഷംസുദ്ദീൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രാനുമതി ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വൈദ്യുത പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) ഇല്ല. എന്നാൽ ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചെങ്കിലും അനുമതിയിലെ "സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള ടണൽ നിർമ്മാണം പാടില്ല" എന്ന കർശനമായ വ്യവസ്ഥ കാരണം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. നാഷണൽ ടൈഗർ കൺസർവേ ഷൻ അതോറിറ്റി (NTCA) മുന്നോട്ടു വച്ച ഈ വ്യവസ്ഥ ഒഴിവാക്കുന്നതിനായി അവരെ സമീപിച്ചെങ്കിലും മറുപടിയൊന്നും ഇതുവരെ കിട്ടിയിട്ടില്ല. |
| (ബി) വനം - പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) അച്ചൻ കോവിൽ ജലവൈദ്യുത പദ്ധതി (30 മെഗാവാട്ട്) അപ്പർ ചെങ്കുളം (24 മെഗാവാട്ട്) ചെറുകിട ജലവൈദ്യുത പദ്ധതി.<br>വയനാട് ജില്ലയിലെ മാനന്തവാടിയിലുള്ള കമ്പമല തേയില തോട്ടത്തിൽ 50 ലക്ഷം രൂപ ചെലവഴിച്ച് 40 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണങ്ങളും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (സി) അച്ചൻ കോവിൽ, അപ്പർ ചെങ്കുളം, കമ്പമല തേയില തോട്ടത്തിലുള്ള സൗരോർജ്ജ പദ്ധതി എന്നീ പദ്ധതികൾക്കുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ